SUNDAY 05/04/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/04/2026

1. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) മുഖേന നടപ്പിലാക്കുന്ന ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് MIDH (Mission for Integrated Development of Horticulture). ഇതിലൂടെ Horticulture crops – പഴം, പച്ചക്കറി, പൂക്കൾ, സുഗന്ധ വ്യഞ്ജനങ്ങൾ, സുഗന്ധ തൈല വിളകൾ, ഔഷധ സസ്യങ്ങൾ, തോട്ടവിളകൾ (cashew and cocoa), mushroom കൃഷി, തേനീച്ച കൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുക, പുതിയ കൃഷി സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക, കർഷകരുടെ വരുമാനം കൂട്ടുക, സംഭരണം, മാർക്കറ്റിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കർഷകർക്ക് ലഭിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ് . പ്ലാന്റിംഗ് മെറ്റീരിയൽ സഹായം, മികച്ച ഗുണമേന്മയുള്ള വിത്തുകൾക്ക് സബ്സിഡി, നഴ്സറി സ്ഥാപിക്കാൻ സഹായം, പുതിയ കൃഷി (Area Expansion) – പഴം, പച്ചക്കറി, മസാല കൃഷിക്ക് 40%-60% വരെ സബ്സിഡി, ഉദാ: വാഴ, മാങ്ങ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുളക്, മുളകുപൊടി, ഇഞ്ചി, കുരുമുളക്, Protected Cultivation (Greenhouse / Polyhouse), പോളിഹൗസ് / ഷേഡ് നെറ്റ് സ്ഥാപിക്കാൻ 50%-65% വരെ സബ്സിഡി, ജലസേചന സൗകര്യം, ഡ്രിപ്പ് ഇറിഗേഷൻ / മൈക്രോ ഇറിഗേഷൻ, ജലസംരക്ഷണത്തിന് പ്രത്യേക പിന്തുണ, Post Harvest മാനേജ്മന്റ് – കോൾഡ് സ്റ്റോറേജ്, പാക്കിംഗ് ഹൗസ്, ഗ്രേഡിംഗ് യൂണിറ്റ്, Organic Farming / Integrated ഫാർമിംഗ്, ജൈവ കൃഷിക്ക് പ്രോത്സാഹനം, കൃഷി സംയോജിത രീതികൾക്ക് പിന്തുണ നൽകുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതികൾക്ക് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK), ഗ്രാമപഞ്ചായത്ത് കൃഷിഭവൻ എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ നൽകേണ്ടത്. ആധാർ, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖ എന്നീ രേഖകൾ സഹിതം കൃഷി ഭവൻ മൂഖേന പദ്ധതിക്ക് അപേക്ഷിക്കാം. ഫീൽഡ്തല പരിശോധനക്ക് ശേഷം പദ്ധതിക്ക് അംഗീകാരം ലഭിക്കും.

2. വാണിജ്യ കൃഷിയിലേക്ക് സജീവമായി വരുന്ന കർഷകർ, കാർഷിക കൂട്ടായ്മകൾ, കാർഷിക ഉത്പാദക സംഘടനകൾ, കാർഷിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരംഭകർ, പ്രവർത്തന കയറ്റുമതിക്കാർ, കാർഷിക സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് വിവിധ കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കായി ആവശ്യമായ കൃഷിഭൂമി ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ആയത് നമ്മുടെ കാർഷിക വികസനത്തിന് വളരെ സഹായകരമാകും. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് നവോ-ധൻ (NAWO-DHAN) പദ്ധതി (New Agriculture Wealth Opportunities-Driving Horticulture and Agri-Business Networking). കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളുടെ നിർവഹണത്തിനായി കേരള അഗ്രോ ബിസിനസ് കമ്പനി കാബ്കോയെ (KABCO) എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾ, കർഷക സംരംഭകർ എന്നിവർക്കുള്ള ഓൺലൈൻ ഏകജാലക സംവിധാനവും തുടർ നടപടികളും, ഭൂവുടമകൾ, കർഷകസംരംഭകർ എന്നിവർക്കൊപ്പം കൃഷി സഹകാരി സേവന ഉടമ്പടി - (KRISHI SAHAKARI SLA) -യിലെ പങ്കാളിത്തം, പരിശോധനയും അംഗീകാരവും KABCOയുടെ മേൽനോട്ടത്തിലാണ്. www.kabco.co.in എന്ന കാബ്കോയുടെ വെബ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൈറ്റ് മുഖേന നവോ-ധൻ (NAWO-DHAN) പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് .

## പരിശീലന പരിപാടി

3. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ചവളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത യോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ് ടെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

4. **മൃഗസംരക്ഷണ നിർദേശം**

അന്തരീക്ഷ ഊഷ്മാവ് അധികമാവുമ്പോൾ കൂടുതലായി അനുഭവപ്പെടുന്ന ചൂട് പുറന്തള്ളാൻ കഴിയാതെ ശരീരത്തിൽ തന്നെ അവശേഷിക്കുന്നത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വഴി മൃഗങ്ങളുടെ ശരീരം താപസമ്മർദ്ദം (heat stress)-ന് അടിപ്പെടുന്നു. പശുക്കളിൽ അമിത താപസമ്മർദ്ദം ഉണ്ടാകുമ്പോൾ ഉമിനീർ ധാരാളമായി പുറന്തള്ളും. പശുക്കളുടെ സ്വാഭാവിക ദഹന വ്യവസ്ഥയെ ബാധിക്കുകയും തുടർന്ന് തീറ്റയെടുക്കൽ കുറയുക, പ്രത്യുല്പാദന വ്യവസ്ഥയെ ബാധിക്കുക. മദിചക്രത്തെയും ഗർഭധാരണത്തെയും ബാധിക്കുക, ഉൽപ്പാദനം കുറയുക, പാലിൻ്റെ കൊഴുപ്പിൻ്റെ അളവ് കുറയുക എന്നിവയ്ക്ക് കാരണമായി തീരുകയും ചെയ്യും.

തൊഴുത്തിൽ ധാരാളം വായുസഞ്ചാരമുണ്ടായിരിക്കണം. ഇടുങ്ങിയ, വായു സഞ്ചാരമില്ലാത്ത ഉയരംകുറഞ്ഞ കോൺക്രീറ്റ്, ഓട് ഷീറ്റ് എന്നീ മേൽക്കൂരകളോട് കൂടിയ തൊഴുത്തുകൾ/കൂടുകൾ എന്നിവ പൂർണമായും ഒഴിവാക്കണം. തൊഴുത്തുകളിൽ ഫാൻ വച്ചുകൊടുക്കാം. കുടിക്കാൻ ധാരാളം ശുദ്ധ ജലം ലഭ്യമാക്കണം. എളുപ്പം ദഹിക്കുന്ന ഖരാഹാരത്തിന്റെ അളവു കൂട്ടുക. ഇതോടൊപ്പം സോഡിയം, പൊട്ടാസ്യം, സിങ്ക്, മാംഗനീസ്, കോപ്പർ എന്നിവ അടങ്ങിയ ധാതുലവണ മിശ്രിതം കൂടി നൽകുക. ദിവസത്തിൽ ചൂടുകൂടുതലുള്ള സമയങ്ങളിൽ തീറ്റ കൊടുക്കുന്നത് ഒഴിവാക്കുക. പകൽ സമയങ്ങളിൽ,

ff



തൊഴുത്തിന് വെളിയിലാണെങ്കിൽ, മൃഗങ്ങളെ തണൽ മരങ്ങളുടെ ചുവട്ടിൽ നിർത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം